**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.426. 07.01.2014 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യ ബസ് റൂട്ടുകൾ ദീർഘിപ്പിച്ച നടപടി</u>

| ചോദ്യം<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പമന്ത്രി) |
|---|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തലസ്ഥാന നഗരിയിലുൾപ്പെടെ സ്വകാര്യ ബസുകളുടെ റൂട്ട് എത്ര തവണ എത്ര ദൂരംവീതം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട് ; | (എ) | തലസ്ഥാന നഗരിയിൽ 12 സ്വകാര്യ ബസ്സുകളുടെ റൂട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. സിറ്റി ലിമിറ്റിൽ നിന്നും 5 കി.മി വരെയുള്ള ദൂരമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്.<br>കോഴിക്കോട് ജില്ലയിൽ 75 തവണ ബസ്സുകളുടെ റൂട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. അപേക്ഷകളുടെ അടിസ്ഥാനത്തിൽ 75 കി.മി വരെ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഒരു ബസ്സിന് 10 കി.മി ദൂരം വർദ്ധിപ്പിച്ചു നൽകി.<br>എറണാകുളം ജില്ലയിൽ എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ കീഴിലുള്ള 48 ബസ്സുകൾക്ക് 24 കി.മീറ്ററിൽ താഴെയുള്ള ദൂരം വീതവും മൂവാറ്റുപുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ കീഴിലുള്ള ബസ്സുകൾക്ക് 12 തവണ 11 കി.മീറ്റർ വീതവും റൂട്ട് വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 20 സ്വകാര്യ ബസുകളുടെ റൂട്ട് ഒരു പ്രാവശ്യം വീതം ആകെ 209 കി.മീ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.<br>തൃശ്ശൂർ ജില്ലയിൽ 39 ബസ്സുകൾക്കും, മലപ്പുറം ജില്ലയിൽ 31 ബസ്സുകൾക്കും, പാലക്കാട് ജില്ലയിൽ 16 ബസ്സുകൾക്കുമായി ആകെ 86 തവണ 24 കി.മീറ്ററിൽ താഴെയുള്ള ദൂരത്തിലുള്ള പെർമിറ്റ് വേരിയേഷൻ അപേക്ഷകളിൽ മോട്ടോർ വാഹന നിയമവും ചട്ടവും അനുസരിച്ച് ആർ.ടി.എ അപേക്ഷ പരിഗണിച്ച് നോട്ടിഫൈഡ് സ്കീമുകളെ ബാധിക്കാത്ത വിധത്തിൽ ഉള്ള റൂട്ടുകളിൽ ദൂരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിൽ റൂട്ടുകൾ ദീർഘിപ്പിക്കുന്നതു കൊണ്ട് സർക്കാരിനും കെ.എസ്.ആർ.ടി. സി. ക്കും എന്തെങ്കിലും നേട്ടം ഉണ്ടാക്കാനായിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | 20 കേസുകളിലായി ഫീസ് ഇനത്തിൽ സർക്കാരിന് ഒരു ലക്ഷം രൂപ വരുമാനം ലഭിച്ചു. കൂടാതെ പൊതുജനങ്ങളുടെ യാത്രാ സൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ. ടി. സി .യുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ട് |
| (സി) | തലസ്ഥാന നഗരത്തിൽ ദീർഘിപ്പിച്ചു നൽകിയ റൂട്ടുകളിൽ യാത്രക്കാർ കുറവുള്ള സമയങ്ങളിൽ സർവ്വീസ് റദ്ദ് ചെയ്യുന്ന പ്രവണത നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (സി) | ട്രിപ്പ് കട്ട് ചെയ്യുന്ന വാഹനങ്ങൾ പരിശോധിച്ച് ചെക്ക് റിപ്പോർട്ട് തയ്യാറാക്കി പിഴ ഈടാക്കുകയും സർവീസ് കൃത്യമായി നടത്താനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | അനുവദിച്ചിട്ടുള്ള റൂട്ടുകളിൽ സർവ്വീസ് കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.